പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1869 — 13-06-2019-ലെ മറുപടിയ്ക്ക്

**കേരളവും നെതർലൻഡ്സുമായുള്ള സഹകരണ സാധ്യതകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| **(എ)** | മുഖ്യമന്ത്രിയുടെ നെതർലൻഡ്സ് സന്ദർശനത്തിന്റെ ഫലമായി കൃഷി, വനപരിപാലന മേഖലകളിൽ കേരളവും നെതർലൻഡ്സും തമ്മിൽ സഹകരണസാധ്യതകൾ ഉണ്ടായിട്ടുണ്ടോ; | **(എ) & (ബി)** | ഉണ്ട്. കാർഷിക മേഖലയുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഡച്ച് സർക്കാരിന്റെ സഹകരണത്തോടെ പച്ചക്കറി-പുഷ്പ വിളകളുടെ മികവിന്റെ കേന്ദ്രം വയനാട് ജില്ലയിലെ അമ്പലവയലിൽ സ്ഥാപിക്കുന്നതിന് ധാരണയായിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. ഇതു സംബന്ധിച്ച് പദ്ധതി വിശദാംശങ്ങൾ നെതർലൻഡ്സ് സർക്കാരിന്റെ അഭിപ്രായങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** | കൃഷി, വനപരിപാലനം തുടങ്ങിയ മേഖലകളിൽ ഏതൊക്കെ തരത്തിലുള്ള സഹകരണമാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ തുടർനടപടികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**